# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1371 11.02.2016 - ൽ മറുപടിക്ക്

## മേൽപ്പാലങ്ങളുടെ പണി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡോ. കെ. ടി. ജലീൽ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൻ കീഴിൽ എത്ര മേൽപ്പാലങ്ങൾ പണിയുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ; അവ ഏതെല്ലാം ;

(ബി) ഇതിനകം പണി ആരംഭിച്ചിട്ടുള്ളവ എത്ര ; പ്രഖ്യാപിക്കപ്പെട്ടവയിൽ ഇനിയും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവയുണ്ടോ ;

(എ) & (ബി) പ്രഖ്യാപിച്ചിട്ടില്ല. എന്നിരുന്നാലും 2013 - 2014 - ലെ ബജറ്റ് പ്രസംഗത്തിൽ 40 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി 50 കോടി രൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിരുന്നു. ഈ 40 മേൽപ്പാലങ്ങളുടെ പേരുകൾ പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നില്ല. ഇതിനകം താഴെപ്പറയുന്ന 7 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആർ. ബി. ഡി. സി. കെ ഏറ്റെടുത്തിട്ടുണ്ട്.

| റെയിൽവേ-മേൽപ്പാലം | നിയോജക-മണ്ഡലം |
|---|---|
| 1) കുമാരനല്ലൂർ | കോട്ടയം |
| 2) മൂലേടം | കോട്ടയം |
| 3) ആളൂർമാള | ഇരിങ്ങാലക്കുട |
| 4) ഡിവൈൻ നഗർ | ചാലക്കുടി |
| 5) കുഞ്ഞിപ്പള്ളി | വടകര |
| 6) അങ്ങാടിപ്പുറം | മങ്കട |
| 7) എരൂർ | തൃപ്പൂണിത്തുറ |

കൂടാതെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പദ്ധതിയിൽപ്പെടുത്തി 3 മേൽപ്പാലങ്ങളുടെ പണികളും നടന്നു വരുന്നു.

(സി) ഫണ്ട് ലഭിക്കാത്തതു കാരണം പ്രവൃത്തി ആരംഭിക്കാനാവാത്ത സ്ഥിതിയുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ?

(സി) ഇല്ല.

സെക്ഷൻ ഓഫീസർ